പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 725 | 03.12.2014- ൽ മറുപടിക്ക് |

## അന്യസംസ്ഥാനങ്ങളിൽ നിന്നും കീടനാശിനി തളിച്ച് വരുന്ന പഴം, പച്ചക്കറി വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഹംസ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം, പച്ചക്കറി വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ മാരകമാംവിധം കീടനാശിനി തളിക്കപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഉണ്ടെങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പച്ചക്കറികളിൽ കീടനാശിനികളുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ, മുഖ്യമന്ത്രി ഒരു അടിയന്തിര യോഗം വിളിച്ചുകൂട്ടുകയും പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷികസർവകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം വില്പന നികുതി വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചു. |
| ബി) | വിഷവും കീടനാശിനിയും തളിച്ച ഭക്ഷ്യവസ്തുക്കൾ പരിശോധിച്ച് | ബി) | ആരോഗ്യവകുപ്പിന്റെ കീഴിലുള്ള മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ |

| | | | |
|---|---|---|---|
| | അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ<br><br>ഏർപ്പെടുത്തിയിട്ടുണ്ട്; | | കീടനാശിനികൾ പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല. എന്നാൽ, കടകമ്പോളങ്ങളിൽ നിന്നും ചെക്ക്പോസ്റ്റുകളിൽ നിന്നും ശേഖരിക്കുന്ന പഴം, പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യു ടെസ്റ്റിംഗ് ലാബിൽ പരിശോധിക്കാനുള്ള സംവിധാനങ്ങൾ<br><br>ഏർപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും സാമ്പിളുകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള പരിധിയെക്കാൾ<br><br>കീടനാശിനികൾ കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | ആരോഗ്യവകുപ്പ് നടത്തിയ പരിശോധനയിൽ കീടനാശിനി തളിച്ച ഭക്ഷ്യ വസ്തുകൾ എത്ര അളവിലാണ് പിടിച്ചെടുത്തത്; എത്ര പേർക്കെതിരെ കേസെടുത്തു; വിശദാംശം ലഭ്യമാക്കാമോ? | സി) | ഭക്ഷ്യവസ്തുക്കളൊന്നും തന്നെ പിടിച്ചെടുത്തിട്ടില്ല.<br><br>ആർക്കെതിരെയും കേസേടുത്തിട്ടുമില്ല. |

**സെക്ഷൻ ഓഫീസർ**